**ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന സെക്രട്ടേറിയറ്റ് ജീവനക്കാർ**

**50 (6197)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിൽ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള എത്ര തസ്തികകളാണുള്ളത് ;

(ബി) പ്രസ്തുത തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ എത്ര പേരാണ് ജോലി ചെയ്യുന്നത് ;

(സി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ എത്രപേരാണ് വിവിധ ഡയറക്ടറേറ്റുകളിലും പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നത് ; ഇവരുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സെക്രട്ടേറിയറ്റിൽ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

പൊതുഭരണ വകുപ്പ്

| | | |
|---|---|---|
| അസിസ്റ്റന്റ് | - 373 | |
| സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | - 374 | |
| അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | - 374 | |
| സെക്ഷൻ ഓഫീസർ | - 191 | |
| സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് | - 190 | |
| അണ്ടർ സെക്രട്ടറി | - 183 | (അദർ ഡ്യൂട്ടി, ഡെപ്യൂട്ടേഷൻ എന്നിവ ഉൾപ്പെടെ) |
| ഡെപ്യൂട്ടി സെക്രട്ടറി | - 83 | |
| ജോയിന്റ് സെക്രട്ടറി | - 80 | |
| അഡീഷണൽ സെക്രട്ടറി | - 112 | |
| സ്പെഷ്യൽ സെക്രട്ടറി | - 10 | |

ധനകാര്യ വകുപ്പ്

| | |
|---|---|
| അസിസ്റ്റന്റ് | - 99 |
| സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | - 99 |
| അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | - 97 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| അക്കൗണ്ടന്റ് / സെക്ഷൻ ഓഫീസർ | - 126 |
| അണ്ടർ സെക്രട്ടറി | - 103 |
| ഡെപ്യൂട്ടി സെക്രട്ടറി | - 26 |
| ജോയിന്റ് സെക്രട്ടറി | - 53 |
| അഡീഷണൽ സെക്രട്ടറി | - 28 |
| സ്പെഷ്യൽ സെക്രട്ടറി | - 1 |

നിയമ വകുപ്പ്

| | |
|---|---|
| ലീഗൽ അസിസ്റ്റന്റ് | - 93 |
| സെക്ഷൻ ഓഫീസർ | - 31 |
| അണ്ടർ സെക്രട്ടറി | - 24 |
| ഡെപ്യൂട്ടി സെക്രട്ടറി | - 25 |
| ഡെപ്യൂട്ടി സെക്രട്ടറി (തമിഴ് ട്രാൻസ്ലേഷൻ) | - 1 |
| ജോയിന്റ് സെക്രട്ടറി | - 16 |
| അഡീഷണൽ ലാ സെക്രട്ടറി | - 12 |
| സ്പെഷ്യൽ സെക്രട്ടറി | - 1 |

(സി) വിവിധ ഡയറക്ടറേറ്റുകളിലും പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെയുള്ള പ്രൊമോഷൻ**

**51 (6198)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ അസിസ്റ്റന്റ് കേഡറിൽ കെ. എസ്. & എസ്. എസ്. ആർ. ചട്ടം 27 പ്രകാരം നിഷ്കർഷിക്കുന്ന സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ ട്രൈബ്രാൻസ്ഫർ പ്രകാരം സെക്രട്ടേറിയറ്റ് സർവ്വീസിൽ സെക്ഷൻ ഓഫീസർമാരായി നിയമിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പൊതുഭരണവകുപ്പ് സെക്രട്ടറി കൺവീനറായ ഡി. പി. സി. (ലോവർ) ചേരുമ്പോൾ 4-12-1979-ലെ സർക്കാർ സർക്കുലർ നമ്പർ 113789/ Rule-1/79/GAD-യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രൊഫോർമയിൽ അനധികൃതമായി തിരുത്തൽ വരുത്തി കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച് സെലക്ട് ലിസ്റ്റ് സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതിയുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly